LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദ ഡിസ്പെൻസറികളിലെ മരുന്നുവിതരണം

55 [2421] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ള്യേരി, നൻമണ്ട പഞ്ചായത്തുകളിലെ ആയുർവേദ ഡിസ്പെൻസറികളിലും ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്തുകളിലെ ആയുർവേദ ആശുപത്രികളിലും 2004-2005 സാമ്പത്തികവർഷത്തിൽ എന്ത് തുകയ്ക്കുള്ള മരുന്ന് അനുവദിച്ചിട്ടുണ്ട്;

(ബി) ഈ സ്ഥാപനങ്ങളിൽ 2004-2005 വർഷങ്ങളിൽ എത്ര പേർക്ക് ഔട്ട്പേഷ്യന്റായി ചികിത്സ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 4,18,920 രൂപയ്ക്കുള്ള മരുന്നുവിതരണം നടത്തിയിട്ടുണ്ട്. ഇതിൽ 3,18,920 രൂപയ്ക്കുള്ള മരുന്ന് വകുപ്പുതലത്തിലും 1,00,000 രൂപയ്ക്കുള്ള മരുന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾവഴിയുമാണ് വിതരണം നടത്തിയത്.

(ബി) 29096 പേർക്ക്.

ആയുർവേദ ഡിസ്പെൻസറി കണ്ണൂർ ജില്ലയിൽ സ്ഥാപിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കൽ

56 [2422] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) എത്ര പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ഇനിയും അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായി വല്ല പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ജില്ലയിൽ ആയുർവേദ സ്ഥാപനങ്ങളുടെ പരിമിതി കണക്കിലെടുത്ത് പ്രസ്തുത പ്രൊപ്പോസൽ അനുകൂലമായി പരിഗണിക്കുമോ?

ഉത്തരം

(എ) 58 പഞ്ചായത്തുകളിൽ.

(ബി) 23 പഞ്ചായത്തുകളിൽ.

(സി) ഒരു നിർദ്ദേശം നിലവിലുണ്ട്.

(ഡി) & (ഇ) കണ്ണൂർ ജില്ലയിലെ മുഴുക്കുന്ന് ഗ്രാമപ്പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

പെരുവന്താനം പി. എച്ച്. സി. യുടെ പുതിയ വാർഡ് ഉദ്ഘാടനം ചെയ്ത് ജീവനക്കാരെ നിയമിക്കാൻ നടപടി

57 [2429] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പെരുവന്താനം പി. എച്ച്. സി.യുടെ ഒരു പുതിയ വാർഡ് പണി പൂർത്തീകരിച്ചിട്ട് എത്ര കാലമായെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്തുകൊണ്ടാണ് ഈ വാർഡ് ഉദ്ഘാടനം ചെയ്യാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) വളരെക്കാലമായി പണി പൂർത്തിയായിക്കിടക്കുന്ന ഈ കെട്ടിടം അടിയന്തിരമായി ഉദ്ഘാടനം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) പെരുവന്താനം പി. എച്ച്. സി.യിൽ ഈ വാർഡിന്റെ പ്രവർത്തനത്തിന് ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിച്ച് ഉത്തരവാകുമോ?

ഉത്തരം

(എ) ഒന്നര വർഷം.

(ബി) — (ഡി) പുതിയ വാർഡ് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അധിക തസ്തികകൾ (അസി. സർജൻ — 2, സ്റ്റാഫ് നേഴ്സ്—3, നേഴ്സിംഗ് അസിസ്റ്റന്റ്—1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 — 1) സൃഷ്ടിക്കുന്നതിനും കിടക്കകളുടെ എണ്ണം 14 ആക്കി ഉയർത്തുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് നല്കേണ്ടതാണ്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ഭൗതികസൗകര്യങ്ങൾ പഞ്ചായത്തിൽനിന്നും ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് വാർഡിന്റെ ഉദ്ഘാടനം നടത്താൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly